പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2632 — 19/06/2014 ൽ മറുപടിയ്ക്ക്

## സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ :<br>ശ്രീ. എം. ഉമ്മർ: | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>ബി) കാലവർഷാരംഭത്തിനു മുമ്പ് മദ്ധ്യവേനലവധിക്കുശേഷം സ്കൂളുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ കെട്ടിടങ്ങളുടെ പരിശോധന നടത്തി കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ടോ ; | (എ) യും (ബി) യും | സർക്കാർ എൽ.പി./യു.പി സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി എസ്.എസ്.എ മുഖേന, മേജർ റിപ്പയർ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ അനുവദിക്കാറുണ്ട്. 2013-14 വർഷം ഡിലാപ്പിഡേറ്റഡ് ബിൽഡിംഗ് ഇനത്തിൽ 10 എൽ.പി. സ്കൂളുകൾക്ക് 3.1350 കോടി രൂപയും 22 യു.പി. സ്കൂളുകൾക്ക് 11.612 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ മേജർ റിപ്പയർ ഇനത്തിൽ 2013-14 വർഷം 560 എൽ.പി സ്കൂളുകൾക്ക് 44.93 കോടി രൂപയും 266 യു.പി. സ്കൂളുകൾക്ക് 28.68 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br>സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗമാണ്. സ്കൂൾ സന്ദർശന വേളകളിൽ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ നടപടികൾ ഉറപ്പാക്കുന്നത് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളാണ്. എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ കെട്ടിടങ്ങളുടെ പരിപാലനം ബന്ധപ്പെട്ട മാനേജർമാരുടെ ഉത്തരവാദിത്വമാണ്. സ്കൂൾ പരിശോധനാ സമയത്ത് ബന്ധപ്പെട്ട R.D.D മാർ കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിക്കുകയും PWD നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്.<br>വി.എച്ച്.എസ്.ഇ യ്ക്ക് സ്വന്തമായി സ്കൂൾ കെട്ടിടങ്ങൾ നിലവിലില്ല. ഡി.പി.ഐ യുടെ കീഴിലുള്ള സ്കൂൾ കെട്ടിങ്ങളിലാണ് വി.എച്ച്.എസ്.ഇ വിഭാഗം പ്രവർത്തിക്കുന്നത്. . കൂടാതെ സംസ്ഥാനത്തെ ഗവ. |

| | | | |
|---|---|---|---|
| | | | വി.എച്ച്.എസ്. സ്കൂളുകളുടെ ഭരണപരമായ ചുമതല അതാത് ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൈമാറിയിട്ടുണ്ട്. |
| സി) | പരിശോധനയിൽ സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ? | (സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ